
MES HSS - VANDANMEDU
LITTLE KITES
TEACHER
A NATION BUILDER
I want
I can
I will
ഓർമ്മച്ചെപ്പ് 2020
little
KITEs

# EDITORIAL BOARD

## Chief Editor

Rapheekh v.k
Maya vasudharadevi

## Staff Editor

Anisha Mohammed.s
Faciya Beegum
Sruthy S Nair

## Student Editor

Nakshathra k.Thakachen

## Sub Editor

Helna Varghese
Beon
Alfiya.
Edbin emerson
Alan jose
Nayana kishore
Neha mol



## ആശംസകൾ

കേരളത്തിന്റെ വിദ്യാഭ്യാസമേഖല വലിയൊരു മുന്നേറ്റത്തിന്റെ പാതയിലാണ്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരംഉയർത്തി അന്തർദേശീയ നിലവാരത്തിൽ എത്തിക്കുകയെന്നത്,കേരളസർക്കാർ നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്.ഇന്നിന്റെ വെല്ലുവിളികളെ അതിജീവിച്ച് മുന്നേറാൻ കഴിയണം.ആധുനികസങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട്എം.ഇ.എസ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മാറ്റത്തിന്റെ മന്ത്രധ്വനി ഉയർത്തി കഴിഞ്ഞു.ഹൈടെക് ക്ലാസ്സ്മുറികളിലെ പഠനത്തോടൊപ്പം "ഓർമ്മച്ചെപ്പ്" ഡിജിറ്റൽ മാഗസിൻ അവർ കുറഞ്ഞകാലയളവിനുള്ളിൽ രൂപപ്പെടുത്തി കഴിഞ്ഞു.ഈ ഡിജിറ്റൽ മാഗസിൻ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട കൊച്ചുകൈറ്റ്സിനും കൈറ്റ് മിസ്ട്രസ്സുമാര്ക്കും എന്റെ അഭിനന്ദനങ്ങൾ നേരുന്നു

ആശംസകളോടെ

നിങ്ങളുടെ സ്വന്തം പ്രിൻസിപ്പാൾ

റഫീഖ്.വി.കെ



## ആശംസകൾ

എം.ഇ.എസ് ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ "ഓർമ്മച്ചെപ്പ്" ഡിജിറ്റൽ മാഗസിൻ എല്ലാവിധ ഭാവുകങ്ങളും നേരുന്നു. മലയാള കമ്പ്യൂട്ടിങ്ങ് പ്രാഗൽഭ്യം നേടിയ ഒരുക്കൂട്ടം വിദ്യാർത്ഥികളുടെ ചിന്താശേഷിയും, വായനയും, സർഗ്ഗാത്മകതയും ഇതിൽ നിറഞ്ഞുനിൽക്കുന്നു. പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് ഉണ്ടാകുന്ന അക്കാദമിക് മുന്നേറ്റം കൂടിയാണ് ഡിജിറ്റൽ മാഗസിൻ.ഈപ്രവർത്തനത്തിൽപങ്കാളികളായ വിദ്യാർത്ഥികളെയും അവരെ സഹായിച്ച അധ്യാപകരെയുംഞാൻ അഭിനന്ദിക്കുന്നു.ഈ ഡിജിറ്റൽമാഗസിൻ വൻ വിജയമാകട്ടെഎന്ന് ആശംസിക്കുന്നു.

ഹൃദയപൂർവ്വം

ഹെഡ്മിസ്ട്രസ്

മായ വസുന്ധരദേവി

1

---

## എഡിറ്റോറിയൽ

പ്രിയപ്പെട്ടവരേ,

അക്ഷരങ്ങള്ക്രൂട്ടിച്ചേർത്തുണ്ടാക്കിയഏതാനും വാക്കുകളോ വാചകങ്ങളോ മാത്രമല്ലിത്.എന്നാൽ അക്ഷരങ്ങൾ ചേർത്തുവച്ചുണ്ടാക്കിയ ഒരു പൂക്കളവുമല്ല.ഭാവനയുടെ ലോകത്തു നിന്നും സാങ്കേതികവിദ്യയുടെ പട്ടങ്ങളിലൂടെ പറന്നുയരുന്നപുതുതലമുറയ്ക്ക് ഓർമ്മച്ചെപ്പ് സമ്മർപ്പിക്കുന്നു.

ഒരു നിയോഗം പോലെ ഈ ചുമതലഎന്നിലെത്തിക്കുകയും ആവുന്നത്രഭംഗിയായി ചെയ്തു തീർക്കാൻ എന്നെ പ്രാപ്തനാക്കുകയും ചെയ്ത ജഗദീശ്വരനെ സ്മരിച്ചുകൊണ്ട്,

നിങ്ങളുടെ സ്വന്തം

നക്ഷത്ര കെ തങ്കച്ചൻ

നക്ഷത്ര മെന്നോടു ചോദിച്ചു ഞാൻ തന്നൊ...
രക്ഷരം നീയെന്തു ചെയ്തു  നിൻ പ്രാണനാ...
ലെത്ര വിളക്കു കൊളുത്തി നീ  നാളത്തെ...
യജ്ഞത്തിനെന്തു ഹവിസ്സായ് ക്കൊടുത്തു നീ.......

വി.മധുസൂദനൻ നായർ

## ഉള്ളടക്കം

വണ്ടൻമേട് എം.ഇ.എസ് ഹയർസെക്കണ്ടറി........8
വണ്ടൻമേട് എം.ഇ.എസ് ഹയർസെക്കന്ററി സ്കൂൾ - ലഘു ചരിത്രം........8
വിദ്യാഭ്യാസത്തിന്റെ പ്രധാന്യം........9
ആൻഫ്രാങ്കിൻെറ അനുഭവക്കുറിപ്പിൽനിന്ന്........10
അമ്മ........11
........12
പഴഞ്ചൊല്ലുകൾ........12
ON KILLING A TREE........13
CARE FOR THE MORROW........14
........15
പ്രളയം കഥ........15
എന്റെ പൊന്ന്........16
അനുഭവത്തിൽ നിന്നും........17
മഹത് വചനങ്ങൾ........18
കടങ്കഥകൾ........19
ലിറ്റിൽ കൈറ്റ്സിന്റ പ്രവർത്തനങ്ങളിലേക്ക്........20
നന്ദി ........21

# വണ്ടൻമേട് എം.ഇ.എസ് ഹയർസെക്കണ്ടറി

## വണ്ടൻമേട് എം.ഇ.എസ് ഹയർസെക്കന്ററി സ്കൂൾ - ലഘു ചരിത്രം

പാർശ്വവത്കൃത സമൂഹത്തിന്റെ വിദ്യാഭ്യാസപരവും സാമൂഹികപരവും ഉന്നമനത്തിനായി 1964-ൽ യശഃശരീരനായ ശ്രീ. അബ്ദുൽഗഫൂർ കോഴിക്കോട് ആസ്ഥാനമായി രൂപികരിച്ച മുസ്ലീം എജ്യൂക്കേഷണൽ സൊസൈറ്റിയുടെ ഇടുക്കി ജില്ലയിലെ ഏക എയ്ഡഡ് വിദ്യാലയമാണ് എം.ഇ.എസ് ഹയർസെക്കണ്ടറി സകൂൾ. നെടുങ്കണ്ടം എം.ഇ.എസ് കോളേജിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തപ്പെട്ടപ്പോൾ സമാശ്വാസമായി മാനേജ്മെന്റിന് അനുവദിക്കപ്പെട്ട ഹയർസെക്കൻണ്ടറി സ്കൂളാണ് ഉടുമ്പചോല താലൂക്കിലെ വണ്ടൻമേട് ഗ്രാമഞ്ചായത്തിനുള്ളിൽ 2003-ൽ പ്രവർത്തനമാരംഭിച്ചത്. സ്കൂൾ ആരംഭിച്ച് തൊട്ടടുത്ത വർഷം തന്നെ ഹയർസെക്കണ്ടറി ബാച്ചും അനുവദിക്കപ്പെട്ടു.ശ്രീ.സോണി ഷംസായിരുന്നു ആദ്യ പ്രിൻസിപ്പാൾ. ഹൈസ്കൂൾ വിഭാഗം സോഷ്യൽ സയൻസ് അദ്ധ്യാപിക ശ്രീമതി.സബീന കരീമിനായിരുന്നു അന്ന് ഹെഡ്മിസ്ട്രസ്സിന്റെ ചുമതല. ശ്രീ. ഇ.പി കാസീം സെക്രട്ടറിയായും ശ്രീ. പി.എ മുഹമ്മദ് സാലിഹ് പ്രസിഡന്റായും ഉള്ള ലോക്കൽ മാനേജ്മെന്റ് കമ്മിറ്റിയാണ് സ്കൂളിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്. നിലവിൽ ശ്രീ. വി.കെ റഫീഖാണ് സ്കൂൾ പ്രിൻസിപ്പാൾ. 2008 മുതൽ ഹൈസ്കൂൾ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ ചുറുചുറുക്കോടെ ഏകോപിപ്പിക്കുന്നത് ഹെഡ്മിസ്ട്രസ് ശ്രീമതി വി. മായയാണ്.

നാളിതുവരെയും നാം നേടിയെടുത്തതെല്ലാം കൂട്ടായ പരിശ്രമത്തിലൂടെയായിരുന്നു ആ കൂട്ടായ്മ ശക്തിപ്പെടുത്തിയാൽ മാത്രം മതിയാകും നമ്മുടെ ലക്ഷ്യങ്ങൾ മുഴുവനും പൂർണാർത്ഥത്തിൽ സാക്ഷാത്കരിക്കാൻ കഴിയുകെയുള്ളൂ. ഏലമലകാടുകളിൽഅധ്വാനിക്കുന്ന നൂറുകണക്കിന് തൊഴിലാളികളുടെയും, സാധാരണക്കാരായ കർഷകരുടെയും മക്കൾക്ക് ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകുക വഴി ഒരു നാടിന്റെ നിർണ്ണായക ജാലക ശക്തിയായിമാറുന്ന ഞങ്ങളുടെവിദ്യാലയം.

# വിദ്യാഭ്യാസത്തിന്റെ പ്രധാന്യം

വിദ്യാ അഥവാ അറിവ് സാമാന്യമായ അറിവ് നേടുന്നതിന് പുറമെ തൊഴിൽ ചെയ്യാനുള്ളശേഷിയുംആർജ്ജിച്ചെടുക്കുന്നു.നാം ആരെന്നും നമ്മുടെ സംസ്കാരത്തെ തിരിച്ചറിയുന്നതും വിദ്യാഭ്യാസത്തിലൂടെയാണ്.നാം നേടുന്ന അറിവ് ഒരിക്കല്ലും നശിക്കാത്തതിനാൽ  ധനത്തേക്കാളും പ്രധാന്യമുണ്ടിതിന് "വിദ്യാ ധനം സർവ്വധനാൽ പ്രധാനം”മെന്നാണല്ലോ പഴമൊഴി വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന അപചയം ഒരു രാജ്യത്തിന്റെ സംസ്കാരത്തിന്റെ അധ:പതനത്തിന് കാരണമാകും ഏത് സമൂഹത്തിന്റെയും കെട്ടുറപ്പിന് അടിസ്ഥാനം വിദ്യാഭ്യാസമാണ്.വിദ്യാഭ്യാസ രംഗത്തെ അശാസ്ത്രീയമായ പരിഷ്കാരങ്ങളും വിദ്യാഭ്യാസ നിലവാരത്തെ ഒരുപരിധിവരെ പ്രതികൂലമായി ബാധിക്കുന്നു.അവനവന്റെ അഭിരുചിക്ക് അനുസരിച്ചാകണം വിദ്യാഭ്യാസം ഉറങ്ങിക്കിടക്കുന്ന പ്രതിഭയെ ഉണർത്തുവാനും,പ്രതിഫലിപ്പിക്കാനും വിദ്യക്ക് കഴിയും. ഒരു വ്യക്തിയുടെ സംസ്കാരികവും മാനസികവുമായ വളർച്ചയാണ് വിദ്യാഭ്യാസംക്കൊണ്ട് ലഭികുന്നത്.

2



## ആൻഫ്രാങ്കിൻെറ അനുഭവക്കുറിപ്പിൽനിന്ന്...

ജർമ്മനി ഭരിച്ചിരുന്ന ഹിറ്റ്ലർ എന്ന ഭരണാധികാരിയും അയാളുടെ പോലീസും പട്ടാളവും ആയിരക്കണക്കിനു പാവം മനുഷ്യരെ കൊന്നൊടുക്കി. ഹിറ്റ്ലറെ പേടിച്ച് ഒളിച്ചുതാമസ്സിച്ചിരുന്ന ഒരു കുടുംബത്തിലെ കുട്ടിയായിരുന്നു ആൻഫ്രാങ്ക് എന്ന പതിമൂന്ന് വയസ്സുകാരി. ഒളിച്ചു താമസ്സിക്കുന്നതിനിടയിൽ അവൾ ഒരു പുതിയ കൂട്ടുകാരിയെ കണ്ടെത്തി. ആ കൂട്ടുകാരിക്ക് അവൾ 'കിറ്റി ' എന്ന പേര് നൽകി. അവൾ 'കിറ്റി' എന്നു പേരു നൽകിയത് സ്വന്തം ഡയറിക്കായിരുന്നു. ഓരോ ദിവസത്തെ സന്തോഷങ്ങളും സങ്കടങ്ങളും സംഭവങ്ങളും അവൾ കിറ്റിയോട് പറയാൻ തുടങ്ങി.

ആനിന്റെ വീട്ടുകാരെല്ലാം മരണത്തെപ്പേടിച്ച് കഴിയുമ്പോഴും അവൾക്ക് ഭയവും നിരാശയുമില്ലായിരുന്നു. വരാനിരിക്കുന്നത് നല്ലകാലമെന്നവൾ വിശ്വസിച്ചു. എല്ലാ വിഷമങ്ങളും പ്രിയപ്പെട്ട കിറ്റിയോട് തുറന്ന് പറഞ്ഞ് കൊണ്ട് അവൾ സന്തോഷം കണ്ടെത്തി. 1944-ൽ ഹിറ്റ്ലറുടെ പോലീസ് ആനിന്റെ കുടുംബത്തെ പിടികൂടി. ആനിന്റെ ഡയറി ആ ഒളിത്താവളത്തിൽ ഉപേക്ഷിക്കപ്പെട്ടു. തടവറയിൽ കിടന്ന്, അടുത്ത വർഷം ആൻഫ്രാങ്ക് മരിച്ചു.

ആൻഫ്രാങ്കിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് കഷ്ട്പ്പാടുകൾ വരുമ്പോൾ ധൈര്യം നഷ്ടപ്പെടാതെ തലയുയർത്തിപ്പിടിച്ച് ജീവിതത്തെ നേരിടണം .”ദുഷ്ടൻ സമൂഹത്തെ ദ്രേഷിക്കുമ്പോൾ ശിഷ്ടൻ പരോപകാര പ്രദമായ പ്രവർത്തനങ്ങളിൽ മുഴുകുന്നു”.

അനാമിക.എൻ.ബൈജു

# അമ്മ



അമ്മ എന്നമ്മ മഹാലക്ഷ്മി

അമ്മയില്ലാ ഭൂമി മരീചിക

അമ്മതൻ ഗർഭപാത്രത്തിലിരിക്കുന്ന അവസ്ഥയിൽ

ത്തന്നെ ഞാനെന്റെ കുറുമ്പിനു തുടക്കം കുറിച്ചു.

എത്രയോതൊഴികൾകൊടുത്തു ഞാനെന്നമ്മയ്ക്ക്

അപ്പോളൊരു കള്ളപ്പുഞ്ചിരിയാൽ തന്റെ-

വേദനകളടക്കിയെന്നമ്മ

പത്തുമാസമെന്നെച്ചുമന്നതമ്മയാണെങ്കിലും

എന്നെയാദ്യം പുണർന്നതോ,വെള്ളവസ്ത്രം

തേച്ചുടുത്ത വെൺമുകിലാം നഴ്സുമാർ

ആദ്യമായ് എൻ നാവിലൂറിയ വാക്കിത്

അമ്മ.... അമ്മ.... അമ്മ....യെന്നുമാത്രം.

അമ്മയില്ലാത്തൊരവസ്ഥയെനിക്കായുധമില്ലാത്ത

അർജ്ജുനൻ മാതിരി.

അമ്മയുടെ സാമീപ്യമില്ലാത്ത വേള ഞാൻ അടുപ്പി-

ലെരിയും കനൽക്കട്ടപോലവെ!

ദേവിയാണെന്നമ്മ, ലോകമാണെന്നമ്മ

എൻഭാവി ജീവിതത്തിനു വഴികാട്ടിയാണെന്നമ്മ.

4

# പഴഞ്ചൊല്ലുകൾ

1. അടി തെറ്റിയാൽ ആനയും വീഴും.
2. ചൊട്ടയിലെ ശീലം ചുടലവരെ.
3. കുരയ്ക്കും പട്ടി കടിക്കില്ല
4. ആളേറിയാൽ പാമ്പ് ചാവില്ല
5. കിട്ടാത്ത മുന്തിരി പുളിക്കും
6. വല്ലഭന് പുല്ലും ആയുധം

7 ഐക്യമത്യം മഹാബലം

8. ആർക്ക് ബാധകേറിയാലും കോഴിക്ക് കിടക്കപ്പൊറുതിയില്ല
9. കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്
10. അണ്ണാറക്കണ്ണനും തന്നാലായത്
11. അൽപ്പന് ഐശ്വര്യം വന്നാൽ അർദ്ധരാത്രിയും കുടപിടിക്കും
12. ആന കൊടുത്താലും ആശ കൊടുക്കരുത്
13. ആട് കിടന്നിടത്ത് പൂട പോലുമില്ല
14. ആറ്റിൽ കളഞ്ഞാലും അളന്ന് കളയണം
15. ആടിനറിയുമോ അങ്ങാടി വാണിഭം



# ON  KILLING A TREE

Today not only scientists and environmentalist but also common people are highly aware of the important role that trees play in protecting living beings. But unfortunately indiscriminate and large scale deforestation wipes out millions of trees from the face of our planet every year. Here we can see a poet who laments on the killing of trees:

In this touching poem that poet says that killing a tree is not an easy job. It will take much time. A single sharp blow with knife cannot kill a kill a tree because it has grown very strong by consuming sunlight, air and water from nature. A cut may cause the bark to bleed but it will naturally heal itself immediately and from close to the earth new green twigs and little boughs will spring up and grow again into its size.

So in order to kill a tree completely the root is to be pulled out entirely out of its earth cave because its the root that anchors the tree to the earth. The white and wet root will dry out in the scorching heat and the tree will breathe its last for ever.






5

# CARE FOR THE MORROW

The earth is the most beautiful planet. All things here add beauty to it. But man’s indiscriminate activities destroy this precious planet. Remember, man is not the sole owner of the earth. It is our duty to protect this planet for the coming generations too. The lessons in this unit remind remind us to do our best to protect our earth.



## പ്രളയം കഥ

എനിക്ക് ഏറ്റവും സഹായം ലഭിച്ചയിടം എന്റെ കഴിവുകൾ തിരിച്ചറിഞ്ഞ സ്ഥലം ഒരു പക്ഷേ അച്ഛനെക്കാൾ അമ്മയെക്കാൾ എന്റെ കൂട്ടുകാരനെക്കാൾ എന്ന മാത്രം ഞാൻ പറയില്ല. എനിക്ക് എന്ത് വിഷമംമുണ്ടായാലും, സന്തോഷമുണ്ടായാലും അവനത് മനസ്സിലാക്കും. അതുപോലെ ഞാൻ മനസ്സിലാക്കിയ കൂട്ടുകാരന്റെ കഥ; അവന്റെ മാത്രം കഥ..............!

പുതിയ സ്കൂൾ,പുതിയ കൂട്ടുകാർ.പുതിയ അന്തരീക്ഷം അതുകോണ്ട് സ്കൂളിൽ പോകാൻ ഒരു ഉന്മേഷം തോന്നി......................! സ്കൂളിലെത്തി സ്കൂള കണ്ടപ്പോൾ ഞാൻ സ്വയം പറഞ്ഞു'അടിപൊളി! എന്നാ വലിയ സ്കൂളാ 'അപ്പോൾ ഞാനിതുവരെ കണ്ടിട്ടില്ലാത്ത ഒരുത്തൻ എന്നോടു പറഞ്ഞു'അത്രക്ക് അടിപൊളിയുമല്ല വല്യതുമല്ല ' ഞാനത് ശ്രദ്ധിച്ചില്ല ഞാൻ എന്റെ ക്ലാസ്സിലെക്ക് കയറി. മൂന്നാമാത്തെ ബെഞ്ചിൽ ഇരുന്ന എന്റെ അടുത്ത് ഇരുന്നവൻ മുമ്പ് കണ്ട പിൻതിരിപ്പനായിരുന്നു.തറുതല പറയുമെന്നെയുള്ള ആളൊരു ശുദ്ധനാണെന്ന് എനിക്ക് തോന്നി. കുറച്ച നാളുകൾക്ക് ശേഷം ക്രിസ്തുമസ് പരീക്ഷയുടെ ഫലം വന്ന എന്നേക്കാൾ ഒരു മാർക്ക് കൂടുതൽ.ഞാൻ ചോദിച്ച നിനക്ക് എങ്ങനെ എന്നേക്കാൾ മാർക്ക് വാങ്ങാൻ കഴിഞ്ഞത്. അപ്പോൾഅവനെനിക്ക് കുറച്ച തന്ത്രങ്ങൾ പറഞ്ഞു തന്ന"നാം നമ്മുടെ എതിരാളിയുമായി ഏറ്റുമുട്ടുമ്പോൾ,അത് ശാരീരികമായാലും മാനസികമായാലും ശത്രുവിന്റെ ബലം മനസിലാക്കണമെന്നാണ്"പക്ഷേ എനിക്ക് ഒന്നും മനസ്സിലായില്ല. പിന്നെ ഒരാഴ്ചഅവൻ സ്കൂളിൽ വന്നില്ല അവനെ അന്വേഷിച്ച ഞാൻ അവന്റെ വീട്ടിലെത്തി അവിടെ അവനില്ല പകരം വീടിന്റെ അവശിഷ്ടം മാത്രം "പ്രകൃതിക്കു ഭ്രാന്തുപിടിച്ച ഒരു രാത്രി കൊടുംകാറ്റ്,പേമാരി എല്ലാം മായ്ക്കുന്ന പ്രളയം ദാഹിച്ചെത്തിയ പ്രളയ ജലം അവനെ വിഴുങ്ങി ദാഹം ശമിപ്പിച്ച".



6



# എന്റെ പൊന്ന്

രാത്രിയിലാണ് ഞാനവളെ എന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ട് വന്നത്,അതും ആരുടെയും സമ്മതമില്ലാതെ ,പക്ഷെ എന്റെ വീട്ടിലെ എല്ലാവർക്കും അവളെ വല്യകാര്യമാണ്. മുത്തച്ഛനും,മുത്തശ്ശിയും അവളെ 'പൊന്നെ' എന്ന മുഴുവനുംവിളിക്കാറില്ല. ഇപ്പോൾ അവൾ ഞങ്ങളുടെ കുടുംബത്തിലെഒരംഗമാണ്. ഇന്നവൾ കൗമാരം കഴിഞ്ഞ് യൗവനത്തിലേക്ക്കടക്കുകയാണ്. ഇപ്പോഴുംഒരുകൊച്ചു കുട്ടിയെപ്പോലെഎന്റെ കൂട്ടത്തിലാണവൾകിടക്കുന്നത്.നാട്ടിലെചില കാപാലികൾഅവളുടെ പിറകെയാണ്.മുത്തചഛൻ ഈയിടെ തൻെറ വടികൊണ്ട് അവമാരെ അടിച്ചോടിക്കുന്നതു ഞാൻ കണ്ടു. ഉറക്കത്തിലെ അവളുടെ കുറുകുറുപ്പ് ഒരിക്കലും എൻെറ കർണ്ണങ്ങൾക്ക് അരോചകമായി തോന്നിയിട്ടില്ല. രാത്രിയിൽ അവളുടെ നീണ്ട നഖം കൊണ്ടെന്റെ മുഖം മുറിഞ്ഞു. അപ്പോൾ അവൾ നാക്കുകൊണ്ട് നക്കിതുടച്ചപ്പോൾ എനിക്ക് അവളോട് കൂടുതലിഷ്ടമാണ് തോന്നിയത്.അവൾ വന്നതിൽ പിന്നെ നാട്ടിലെ ചില കള്ളൻമാരുടെ ശല്യം കുറഞ്ഞിരിക്കുന്നു. ഇപ്പോൾ നാട്ടുകാർക്കും പൊന്നിനെ വല്യഇഷ്ടമാണ്. ഇവളെന്റെ പ്രിയ പൂച്ചക്കുട്ടി.

അൽഫിയ . എ

# അനുഭവത്തിൽ നിന്നും.........................

എനിക്ക് എപ്പോഴും സ്ഥാനം കുറവാണ്,ഏതു കാര്യത്തിനും, എന്റെ ജന്മം പാഴാണ് ടീച്ചറെ.....ഞാൻ വീണ്ടും പറയുന്നും പാഴാണ്.എന്റെ ജിവിത്തിലെ സങ്കടകരമായ അനുഭവമാണ് വീട്ടിലെ കഷ്ടപ്പാട്.അമ്മയുടെ മുഖം കാണുമ്പോൾ എനിക്ക്  സങ്കടം വരും.,അപ്പോൾ ഞാൻ എവിടെയ്ക്ക് എന്നില്ലാതെ ഇറങ്ങി പോകും.വിട്ടിലെ സങ്കടങ്ങൾ മുഴുവനും എന്നില് നിന്ന് മറയ്ക്കാനുള്ള അമ്മയുടെ ശ്രമം .ചില സമയം അമ്മ അച്ഛനോടുള്ള ദേഷ്യ തീർക്കുന്നത് എന്നോടാണ്.അമ്മയുടെ അടിയും വഴക്കും ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കും. എന്നാലെങ്കിലും അമ്മയുടെ  മനസ്സ് തണുക്കട്ടെ അല്ലേ...............ഇത് വായിച്ചിട്ട് ടീച്ചർ എന്നെ വെറുക്കരുത്.എനിക്ക്  അത് സഹിക്കാൻ കഴിയില്ല.ടീച്ചറിന്റ ക്ലാസ്സിൽ തമാശ പറയുന്നത്എന്തിനാണെന്ന് അറിയാമോ  മനസ്സിലെ സങ്കടം മറക്കാൻ.......ഇതു വായിച്ചപ്പോ എന്റെ മനസ്സ് വല്ലാതെ വേദനിച്ചു.ഈകുട്ടി ഇത്രയും ദു:ഖങ്ങൾ ഉള്ളില് ഒതുക്കി വെച്ചുകൊണ്ടാണ് ക്ലാസ്സിൽ ഇരുന്നത്.

അവസാന നിമിഷം എങ്കിലും അവനെ എനിക്ക് മനസ്സിലാക്കാൻ സാധിച്ചതിലും എന്നോട് അവന്റെ വിഷമങ്ങൾ തുറന്നു പറഞ്ഞതിലും ഞാൻ സന്തോഷം കൊള്ളുന്നു."ഒരിക്കലും അവന്റെ ജൻമം പാഴാകരുതേ"എന്ന്ഞാൻ ഈശ്വരനോട് പ്രാർതഥിക്കുകയും ചെയ്തു.സാഹചര്യങ്ങളാണ്കുട്ടികളിലെ തെറ്റായ ചിന്തയ്ക്ക് കാരണമാവുന്നത്.മൂന്നാഴ്ചയ്ക്ക് ശേഷം അവനെ വളരെസന്തോഷവനായി കണ്ടു.എന്നോട് ഒത്തിരിസംസാരിച്ചു.കൂട്ടത്തിൽ അവൻ ഇങ്ങനെപറയുകയുണ്ടായി"വീട്ടിലെ രണ്ടു ജന്മശത്രുക്കൾ തമ്മിൽഅടുത്തപ്പോ എന്റെവിട് ഒരു സ്നേഹ വീടായി മാറി.ടീച്ചറേ ഇനിയന്റെ ജീവിതം ഒരിയ്ക്കലും പാഴാവില്ല,പാഴാകുകയുമില്ല.എനിക്ക്ഇത് കേട്ടപ്പോൾ  വളരെ സന്തോഷവും  തോന്നി.

അനീഷാ മുഹമ്മദ്  എസ്സ്

മലയാളം അധ്യാപിക

## മഹത് വചനങ്ങൾ

ജീവിതാവസാനം വരെ പതുക്കെ

നടന്നു പോയാൽ പലതും കാണാം,പഠിക്കാം

അതിവേഗം യാത്രചെയ്താൽ

പലതും നഷ്ടപ്പെടും.

-മഹാത്മഗാന്ധി

## മഹത് വചനങ്ങൾ

നമുക്ക് എന്തറിയാം എന്നതല്ല

എന്തറിഞ്ഞു കൂടാ എന്നതാണ്

യഥാർത്ഥ അറിവ്.

-ഹെൻറി ഡേവിഡ് തോറ

# കടങ്കഥകൾ

1.ഒരു കുപ്പിയിൽ രണ്ടെണ്ണം

മുട്ട

2.ജനനം ജലത്തിൽ സഞ്ചാരം വായുവിൽ

കൊതുക്

3.പിടിച്ചാൽ പിടികിട്ടില്ല വെട്ടിയാൽ വെട്ടേക്കില്ല

വെള്ളം

4.വട്ടത്തിൽ ചവട്ടിയാൽ നീളത്തിൽ ഓടും

സൈക്കിൾ

5.രണ്ടു കാലുണ്ട് മൂക്കിലെങ്കിൽ നിൽക്കാൻ പറ്റില്ല

കണ്ണട

6.തൊട്ടാൽ പിണങ്ങും ചങ്ങാതി

തൊട്ടാവാടി

7.അടിയിലും മുകളിലും തട്ടിട്ടിരിക്കുന്ന പെരുച്ചൻ

ആമ

8.കാട്ടുപുല്ല് വീട്ടുസഭയിൽ

പുൽപ്പായ

9.വെട്ടും തോറും വളരും ഞാൻ തലമുടി

# ലിറ്റിൽ കൈറ്റ്സിന്റ പ്രവർത്തനങ്ങളിലേക്ക്



## സ്കൂളിലെ ഹൈടെക് സംവിധാനങ്ങളും സൗകര്യങ്ങളും ഇനി അമ്മമാർക്കും അറിയാം

വണ്ടൻമേട് ● പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആമയാർ എംഇഎസ് ഹയർസെക്കൻഡറി സ്കൂളിൽ നടപ്പാക്കിയ ഹൈടെക് സംവിധാനങ്ങളും സൗകര്യങ്ങളും സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ അമ്മമാരെ പരിചയപ്പെടുത്തി.

വീടുകളിലെ സ്മാർട്ട് ഫോണുകൾ വിദ്യാർഥികളുടെ പഠന പ്രവർത്തനങ്ങൾക്കു കൂടി പരമാവധി പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടാണ് അമ്മമാരെയും സ്മാർട്ട് ആക്കുന്നത്. അനീഷ മുഹമ്മദ് അമ്മമാർക്ക് പരിശീലനം നൽകി.

സമഗ്ര പോർട്ടൽ, വിക്ടേഴ്സ് ചാനലിലെ വിദ്യാഭ്യാസ പരിപാടികൾ, പാഠ പുസ്തകങ്ങളിലെ ക്യൂ ആർ കോഡ്, സൈബർ സുരക്ഷ, സമേതം പോർട്ടലിലെ സൗകര്യങ്ങൾ എന്നിവയിൽ അമ്മമാർക്ക് പരിശീലനം നൽകി.

അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും വിഡിയോ കോൺഫറൻസിലൂടെ കേരള ഇൻഫ്രാ സ്ട്രക്ചർ ഫോർ എജ്യുക്കേഷൻ പരിശീലനം നൽകിയിരുന്നു.

മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയുടെ ഉപയോഗം സമൂഹത്തിൽ വ്യാപകമായ സാഹചര്യം കണക്കിലെടുത്താണ് പുതിയ രീതി നടപ്പാക്കുന്നത്.

പരിശീലനത്തോടൊപ്പം സ്കൂളുകളുടെ സമഗ്ര വിവരങ്ങൾ ക്യൂ ആർ കോഡ് രൂപത്തിൽ പൊതുജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തും.

പരിശീലനത്തിൽ 50 അമ്മമാർ പങ്കെടുത്തു.

എംഇഎസ് സ്കൂൾ പ്രിൻസിപ്പൽ വി.കെ.റഫീഖ് പരിപാടി ഉദ്ഘാടനം ചെയ്തു. അധ്യാപകരായ അനീഷ മുഹമ്മദ്, ഫാസിയ എന്നിവർ നേതൃത്വം നൽകി.

ഇന്നത്തെ സിനിമ

ശുദ്ധജല പ്രശ്നം പരിഹരിക്കണമെന്ന് മഹിളാസംഘം









## നന്ദി ............

ഓരോ   പ്രയാണത്തിലും വിലപ്പെട്ടതായി കരുതാൻ,വരും കാലത്തേക്ക് എടുത്തുവെയ്ക്കാൻ എന്തെങ്കിലുംമൊക്കെ ലഭിക്കാറുണ്ട്.ഓർമ്മച്ചെപ്പിന്റെ താളുകളിലൂടെകടന്നുപോകുന്ന നിങ്ങൾക്കെന്തെങ്കിലും ലഭിച്ചാൽഞങ്ങളുടെ കർത്തവ്യം സഫലമായി എന്നു പറയാം...

പാതി വഴിയിൽതളരാതെ കാത്തു പരിപാലിച്ച അദൃശ ശക്തിക്കു മുൻപിൽനമിച്ചുക്കൊണ്ട്.........എല്ലാവർക്കും നന്മ നേർന്നുക്കൊണ്ട്...........

നിങ്ങളുടെ സ്വന്തം     നക്ഷത്ര